## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** **12-07-2022 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവന രഹിതരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | • സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭവനനിർമ്മാണ ധനസഹായംഅനുവദിക്കുന്നത്. ലൈഫ് മിഷൻ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണ ആനുകൂല്യം ലൈഫ് മിഷനിലൂടെ നൽകി വരുന്നു ആയതിലേക്കായി 2021-22 വർഷത്തിൽ 278 കോടി രൂപ പട്ടികജാതി വികസന വകുപ്പിന്റെയും 140 കോടി രൂപ പട്ടികവർഗ വികസന വകുപ്പിന്റെയും വിഹിതമായി ലൈഫ് മിഷനു കൈമാറിയിട്ടുണ്ട്.<br>• 2022-23 സാമ്പത്തിക വർഷം ഈ ഇനത്തിൽ 300 കോടി രൂപ പട്ടികജാതി വികസന വകുപ്പും 140 കോടി രൂപ പട്ടികവർഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട്.<br>• വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് അനുവദിച്ചു നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തത് മൂലം അവസാന ഗഡു ലഭിക്കാത്തവരും സ്വന്തമായി ഭവനനിർമ്മാണം ആരംഭിച്ചശേഷം നിർമ്മാണം പൂർത്തീകരിക്കാത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | പരമാവധി ഒന്നര ലക്ഷം രൂപ വരെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനു പ്രത്യേക ധന സഹായം അനുവദിക്കുന്ന "ഭവന പൂർത്തീകരണ പദ്ധതി" പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>• ലൈഫ് മിഷന് പുറമെ, ആദിവാസി പുനരധിവാസ മിഷൻ മുഖേനയും പട്ടിക വർഗ വിഭാഗക്കാർക്ക് ഭൂമിയും വീടും അനുവദിച്ചു വരുന്നുണ്ട്. കൂടാതെ പട്ടികവർഗ വിഭാഗക്കാരുടെ കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.50ലക്ഷം രൂപ വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്. |
| (ബി) | ലൈഫ് പദ്ധതിയിൽ പട്ടികജാതി വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകുമോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്.<br>ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത് |
| (സി) | ഭൂരഹിതരും ഭവന രഹിതരുമായ പട്ടിക ജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ; | (സി) | • ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 375000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 450000/- രൂപയും കോർപറേഷൻ പരിധിയിൽ 600000/- രൂപയും അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം 4500 പേർക്ക് ഭൂമി വാങ്ങുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ചു കൊണ്ട് ജില്ലകൾക്ക് 180 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br>• ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമിയ്ക്കും വീടിനും ധനസഹായം അനുവദിച്ച് വരുന്നു. കൂടാതെ ഭൂരഹിതരുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും പുരോഗമിച്ച് വരുന്നു.<br>• പട്ടികജാതിയിൽപ്പെട്ട ദുർബല വിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>• ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല. |
| (ഡി) | ഭൂരഹിതരായ പട്ടിക ജാതിക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി പ്രത്യേക ലാൻഡ് ബാങ്ക് രൂപീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഭൂരഹിതരായ പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗക്കാർക്കായി ലാൻഡ് ബാങ്ക് രൂപീകരണം നിലവിൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ